പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3296 | 24.02.2016-ൽ മറുപടിക്ക് |
|---|---|

## ക്രൈംബ്രാഞ്ചിന്റെ കർമ്മ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ലൂഡി ലൂയിസ്<br>" ഐ.സി. ബാലകൃഷ്ണൻ<br>" ഹൈബി ഈഡൻ<br>" സണ്ണി ജോസഫ് | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| എ) ജില്ലാ ക്രൈംബ്രാഞ്ചുകളുടെ പ്രവർത്തനത്തിന് എന്തെല്ലാം കർമ്മ പദ്ധതിയാണ് ആസൂത്രണം ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;<br><br>ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ)& (ബി) ജില്ലാ ക്രൈം ഡിറ്റാച്ച്മെന്റുകളുടെ പുനർനാമകരണം ചെയ്തുകൊണ്ട് കേസന്വേഷണം വേഗത്തിലും കുറ്റമറ്റരീതിയിലും നടത്തുവാൻ ലക്ഷ്യമിട്ട് സർക്കാർ ഉത്തരവ് നം. ജി.ഒ (എം.എസ്) നം. 124/2014/ ആഭ്യന്തരം തീയതി 17.06.2014 പ്രകാരം ജില്ലാ ക്രൈംബ്രാഞ്ചുകൾ രൂപീകൃതമായി ജില്ലയിൽ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. അതാത് ജില്ലകളിൽ റിപ്പോർട്ടാകുന്ന സെൻസേഷണൽ കേസുകളും, സർക്കാർ, സംസ്ഥാന പോലീസ് മേധാവി, ADGP Zones, IGP എന്നിവിടങ്ങളിൽ നിന്നും പുനരന്വേഷണങ്ങൾക്കായി പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ജില്ലാ ക്രൈംബ്രാഞ്ചുകൾ അത്തരം കേസുകളുടെ അന്വേഷണങ്ങൾ ഏറ്റെടുത്ത് വേഗത്തിലും കുറ്റമറ്റ രീതിയിലും നടത്തി വരുന്നു. ഇതുവഴി സംസ്ഥാന ക്രൈംബ്രാഞ്ചുകളുടെ ജോലി ഭാരം കുറയ്ക്കുന്നതിനും കഴിയും. |
| സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ? | സി) ജില്ലാ ക്രൈംബ്രാഞ്ച് പ്രവർത്തിക്കുന്നതിന് ഒരു എ.സി.പി./ ഡി.വൈ.എസ്.പി, 2 ഇൻസ്പെക്ടർമാർ, 14 എസ്.ഐ.മാർ, 14 എസ്.സി.പി.ഒ മാർ, വനിതകളുൾപ്പെടെ 6 സി.പി.ഒ മാർ എന്നിങ്ങനെ ഉദ്യോഗസ്ഥരെ പുനർവിന്യാസം വഴി കണ്ടെത്തി പ്രവർത്തനം കാര്യക്ഷമമാക്കാൻ എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ